# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T*2338

09-12-2014-ൽ മറുപടിക്ക്

### എഫ്.എ.സി.ടി.യുടെ പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | എഫ്.എ.സി.ടി.യുടെ പുനരുദ്ധാരണ പാക്കേജ് ഇതുവരെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈകാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) | എഫ്.എ.സി.ടി.യുടെ പുനരുദ്ധാരണ പാക്കേജിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്.<br><br>FACT യുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യം വച്ചുകൊണ്ട് FACT സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (BRPSE) ശുപാർശ ചെയ്ത് കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിന്റെ |

സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയും വേഗം FACT - യ്ക്ക് അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി, ബഹു. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

നിർദ്ദിഷ്ട പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതു കൂടാതെ, LNG അധിഷ്ഠിത പ്രവർത്തനങ്ങൾ ക്കായി FACT വാങ്ങുന്ന LNG യ്ക്ക് KVAT ഒഴിവാക്കി നൽകുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ